**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4082** | **28-06-2024 - ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിലെ അസിസ്റ്റന്റ്/ക്യാഷിയർ തസ്തികയിൽ 2010 മുതൽ ജോലി ചെയ്യുന്ന എട്ട് സ്ഥിരം ജീവനക്കാരുടെ നിയമനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകാൻ പാടില്ല എന്ന് കാണിച്ച് വിജിലൻസ് ഡയറക്ടർ 26.10.2017-ന് സമർപ്പിച്ച റിപ്പോർട്ട് നമ്പർ ഇ19(കൃ.വി31/16എസ്.ഐ.യൂ-1)22405/16 പ്രകാരം സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കോർപ്പറേഷനിലെ 7 അസിസ്റ്റന്റുമാരുടെയും ഒരു കാഷ്യറുടെയും നിയമനം റഗലറൈസ് ചെയ്യുന്നത് സംബന്ധിച്ച വിഷയം 24/08/2015-ൽ ചേർന്ന നാല്പത്തിമൂന്നാമത് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് യോഗത്തിൽ അജണ്ടയായി വയ്ക്കുകയും, തുടർന്ന് ഡയറക്ടർ ബോർഡ് കോർപ്പറേഷനിലെ 8 സ്ഥിരം ജീവനക്കാരുടെയും പെർഫോമൻസ് അപ്രൈസൽ നടത്തുന്നതിനും യോഗ്യരായ ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ അടിയന്തരമായി ഡിക്ലയർ ചെയ്യുവാനും മാനേജിംഗ് ഡയറക്ടറെ അധികാരപ്പെടുത്തിയും ടി ഉദ്യോഗസ്ഥരുടെ നിയമന പ്രക്രിയയിൽ നടപടിക്രമങ്ങളുടെ ലംഘനം ഉണ്ടായിട്ടില്ല എന്ന് സർക്കാരിനെ അറിയിക്കുവാനും തീരുമാനമെടുത്തു.<br><br>തുടർന്ന്, അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ നിയമിതരായവരുടെ പെർഫോർമൻസ് അപ്രൈസൽ നടത്തുകയും, മാനേജിംഗ് ഡയറക്ടർ 16.10.2015 ലെ പ്രൊസീഡിംഗ്സ് പ്രകാരം എല്ലാ ഉദ്യോഗസ്ഥരുടെയും പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.<br><br>വിജിലൻസ് വകുപ്പിന്റെ ശിപാർശ സർക്കാർ പരിശോധിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ അനുമതിയോട് കൂടി പ്രസ്തുത ജീവനക്കാരുടെ ശമ്പള സ്കെയിൽ നിശ്ചയിച്ച് നൽകുകയും ജീവനക്കാരുടെ സർവ്വീസ് ബുക്ക് ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്മേൽ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ? | (ബി) | കോർപ്പറേഷനിലെ 7 അസിസ്റ്റന്റുമാരുടെയും ഒരു കാഷ്യറുടെയും നിയമനം റഗലറൈസ് ചെയ്യുന്നത് സംബന്ധിച്ച വിഷയം 24/08/2015-ൽ ചേർന്ന നാല്പത്തിമൂന്നാമത് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് യോഗത്തിൽ അജണ്ടയായി വയ്ക്കുകയും, |

| | | | |
|---|---|---|---|
| | | | തുടർന്ന് ഡയറക്ടർ ബോർഡ് കോർപ്പറേഷനിലെ 8 സ്ഥിരം ജീവനക്കാരുടെയും പെർഫോമൻസ് അപ്രൈസൽ നടത്തുന്നതിനും യോഗ്യരായ ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ അടിയന്തരമായി ഡിക്ലയർ ചെയ്യുവാനും മാനേജിംഗ് ഡയറക്ടറെ അധികാരപ്പെടുത്തിയും ടി ഉദ്യോഗസ്ഥരുടെ നിയമന പ്രക്രിയയിൽ നടപടിക്രമങ്ങളുടെ ലംഘനം ഉണ്ടായിട്ടില്ല എന്ന് സർക്കാരിനെ അറിയിക്കുവാനും തീരുമാനമെടുത്തു.<br><br>തുടർന്ന്, അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ നിയമിതരായവരുടെ പെർഫോർമൻസ് അപ്രൈസൽ നടത്തുകയും, മാനേജിംഗ് ഡയറക്ടർ 16.10.2015 ലെ പ്രൊസീഡിംഗ്സ് പ്രകാരം എല്ലാ ഉദ്യോഗസ്ഥരുടെയും പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.<br><br>വിജിലൻസ് വകുപ്പിന്റെ ശിപാർശ സർക്കാർ പരിശോധിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ അനുമതിയോട് കൂടി പ്രസ്തുത ജീവനക്കാരുടെ ശമ്പള സ്കെയിൽ നിശ്ചയിച്ച് നൽകുകയും ജീവനക്കാരുടെ സർവ്വീസ് ബുക്ക് ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ